14
ജൂൺ 2023
ബുധൻ Pages 5
Vol 2. Issue. 133

# ക്രിസ്ത്യൻലൈവ് ദിനപത്രം

on the battlefield for the Great commission
CNL7 MEDIA
501

## ഭാഷകളെ സംരക്ഷിക്കാൻ

# ബൈബിളിന്റെ സഹായം തേടി മെറ്റ




പുതിയ നിയമ ബൈബിൾ തർജ്ജമകളുടെ സഹായത്തോടെ ആയിരത്തിയൊരുനൂറോളം ഭാഷകളുടെ ഒരു ഡേറ്റാ സെറ്റ് നിർമ്മിക്കാൻ മെറ്റക്ക് സാധിച്ചുവെന്നാണ് റിപ്പോർട്ട്

വാർത്ത തുടർന്ന് വായിക്കുവാൻ പേജ് 04കാണുക

## സമാധാനം പുലരാതെ മണിപ്പൂർ: വീണ്ടും ആക്രമണം 9 മരണം



കഴിഞ്ഞ മാസം ആരംഭിച്ച വംശീയ കലാപത്തിൽ ഇതുവരെ നൂറിലധികം പേരാണ് മണിപ്പൂരിൽ കൊല്ലപ്പെട്ടത്. കലാപത്തെ തുടർന്ന് 47,000 ത്തോളം ആളുകളെ വിവിധയിടങ്ങളിൽ നിന്ന് ഒഴിപ്പിച്ചതായാണ് ഔദ്യോഗിക കണക്കുകൾ

പേജ് 03

Editorial
ക്രിസ്ത്യൻ ലൈവ് ദിനപത്രം
2023 ജൂൺ 14 ബുധൻ



# കാഹളം മുഴക്കി നടത്തുന്ന ദാനധർമ്മങ്ങൾ

'മറ്റുള്ളവരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽവച്ചു നിങ്ങളുടെ സത്കർമങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്കു പ്രതിഫലമില്ല. മറ്റുള്ളവരിൽനിന്നു പ്രശംസ ലഭിക്കാൻ കപടനാട്യക്കാർ സിനഗോഗുകളിലും തെരുവീഥികളിലും ചെയ്യുന്നതുപോലെ, നീ ഭിക്ഷകൊടുക്കുമ്പോൾ നിന്റെ മുമ്പിൽ കാഹളം മുഴക്കരുത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അവർക്കു പ്രതിഫലം ലഭിച്ചുകഴിഞ്ഞു. നീ ധർമദാനം ചെയ്യുമ്പോൾ അതു രഹസ്യമായിരിക്കേണ്ടതിന് നിന്റെ വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. രഹസ്യങ്ങൾ അറിയുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നൽകും.' (മത്തായി 6:15)

ദാനധർമ്മം, പ്രാർത്ഥന, ഉപവാസം എന്നീ മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ എങ്ങനെ ചെയ്യണം എന്നാണ് യേശു ഇവിടെ പഠിപ്പിക്കുന്നത്. ദാനധർമ്മം ചെയ്യുമ്പോൾ ഉണ്ടാവേണ്ട ജാഗ്രതയെപ്പറ്റിയാണ് പറഞ്ഞു തുടങ്ങുന്നത്. ഈ വിഷയത്തെത്തുടർന്ന് പ്രാർത്ഥന, ഉപവാസം എന്നീ വിഷയങ്ങൾ പറഞ്ഞിരിക്കുന്നതിൽ നിന്നും മനസ്സിലാക്കേണ്ടത് ദാനധർമ്മവും മറ്റു രണ്ട് വിഷയങ്ങൾക്ക് തുല്യമാണ് എന്നാണ്. ഇത് ഓരോ ക്രിസ്ത്യാനിയും ചെയ്യേണ്ടുന്ന കടമയാണ്. ഈ കടമ നിർവഹിക്കുമ്പോൾ കാലാന്തരത്തിൽ ഉദ്ദേശശുദ്ധി നഷ്ടപ്പെട്ട് സ്വന്തം പ്രശസ്തിക്ക് വേണ്ടിയായിത്തീരാൻ ഇടയുണ്ടന്നറിഞ്ഞ് യേശു പറഞ്ഞു 'ദാനധർമ്മം ചെയ്യുമ്പോൾ വളരെ സൂക്ഷിക്കണം.' അതിന്റെ രഹസ്യ സ്വഭാവം എത്രത്തോളം ആകണം എന്ന് സൂചിപ്പിക്കാൻ ഗുരു പറഞ്ഞിരിക്കുന്നത്, 'വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ' എന്നാണ്. ഇത്ര തെളിവായി ദൈവവചനത്തിൽ എഴുതപ്പെട്ടിരിക്കുമ്പോഴാണ് ദാനധർമ്മാദികൾ കൊട്ടിഘോഷിച്ച് നടത്തുന്നത്.

മനുഷ്യന്റെ ഏറ്റവും അടിസ്ഥാനപരമായ ആവശ്യമാണ് ആഹാരവും, വസ്ത്രവും, പാർപ്പിടവും. അവയിൽ തന്നെ ആഹാരത്തിന്നാണ് പ്രഥമ പരിഗണന ലഭിക്കുന്നത്. ഒരു നേരത്തെ വിശപ്പെങ്കിലും അടക്കാൻ നിവർത്തിയുള്ളവരാരും ആഹാരത്തിനായി അന്യന്റെ മുമ്പിൽ കൈ നീട്ടാറില്ല. ഇത്തരം സാഹചര്യത്തിലാണ് ക്രിസ്ത്യാനികൾ എന്ന് പേർ പറയുന്നവർ ഒരു നേരത്തെ ആഹാരമോ, ഒരൽപ്പം വസ്ത്രമോ, ഒരു ചെറിയ വീടോ ഒക്കെ നൽകിയിട്ട് അതിന്റെ ഫോട്ടോ എടുത്ത് സമൂഹ മാധ്യമങ്ങളിലും മറ്റും പ്രചരിപ്പിച്ച് പ്രശസ്തിയാർജിക്കാൻ ശ്രമിക്കുന്നത്. വേറേ ചിലർ ഒരു നേരത്തെ ആഹാരം കൊടുത്തിട്ട്, അതിന് ചെലവായതതിലധികം പണം മുഖ്യധാരാ മാധ്യമങ്ങൾക്ക് നൽകിയാണ് അത് വാർത്തയാക്കുന്നത്. ഇത്തരക്കാർക്ക് പ്രചാരവേല ചെയ്യുന്നവരും കുറവല്ല. ഇവിടെ ദുഷിക്കപ്പെടുന്നത് യേശുവിന്റെ നാമമാണ് എന്ന യാഥ്യാർഥ്യം ഇക്കൂട്ടർ മറന്നു പോകുന്നു. ഇത്തരം പ്രവർത്തികൾ അക്രൈസ്തവമാണ്, കാപട്യമാണ്. അവ നിരുത്സാഹപ്പെടുത്തേണ്ടതാണ്.



സജി വർഗീസ്
മണിയാർ

# ക്രിസ്ത്യൻ ലൈവ് ഫുജൈറ എക്സിക്യൂട്ടിവ് കമ്മിറ്റി



പാ. ജയിംസ് കെ ഈപ്പൻ – രക്ഷാധികാരി:
പാ. പാസ്റ്റർ എം വി സൈമൺ – പ്രസിഡണ്ട്
പാ.ജെ എം ഫിലിപ്പ് – വൈസ് പ്രസിഡണ്ട്
ബ്രദർ ലിൻസൺ ജോസഫ് – സെക്രട്ടറി
ബ്രദർ സുജു മത്തായി – ജോ. സെക്രട്ടറി:

കമ്മിറ്റി അംഗങ്ങൾ



ബ്രദർ ലാലു പോൾ – ട്രഷറാർ
ബദർ സാം റെജി
ബ്രദർ വിൽസൺ തോമസ്
ബ്രദർ ഫിലിപ്പ് സി ഏബ്രഹാം
ബ്രദർ അജി ജോയി

# യേശുവിൻ തൃപ്പാദത്തിൽ ഇരുപത്തിനാലാമത് പ്രാർത്ഥനാ സംഗമം ജൂൺ17ന്

## 'യേശുവിൻ തൃപ്പാദത്തിൽ'പ്രാർത്ഥനാ സംഗമം രണ്ട് വർഷം പൂർത്തിയാക്കുന്നു

കോവിഡിന്റെ പിടിയിൽ ലോകം അമർന്നപ്പോൾ അനേകരുടെ ജീവനും ഉപജീവനോപാധികളും നഷ്ടമായപ്പോൾ, സ്വസ്ഥത നഷ്ടപ്പെട്ട ജീവിതങ്ങൾക്ക് നിസ്തുല സമാധാനത്തിന്റെ ഉറവിടവും ,സമാധാന പ്രഭുവുമായ യേശുക്രിസ്തുവിനെ, ഏതെങ്കിലുമൊരു സഭാവിഭാഗത്തിന്റെയോ സംഘടനയുടെയോ അതിർവരമ്പുകളില്ലാതെ പരിചയപ്പെടുത്തുവാനായി ലോകത്തിന്റെ വിവിധ കോണുകളിൽ ഉപജീവനാർത്ഥം പാർക്കുന്ന ഏതാനും സഹോദരങ്ങൾ ചേർന്ന് തുടക്കമിട്ട കൂട്ടായ്മയാണ് "യേശുവിൻ തൃപ്പാദത്തിൽ". 2021 ജൂലൈ മുതൽ സൂം മീഡിയയിലൂടെ ലോകമെമ്പാടുമുള്ള മലയാളികൾ ക്രിസ്തുവിനെ അറിയുവാൻ ഒരു മുഖാന്തിരമായി ഇതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

അതിരുകളില്ലാത്ത ദൈവവചനത്തിലൂടെ ദൈവസ്നേഹം അതിരുകളില്ലാതെ തന്നെ എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ "യേശുവിൻ തൃപ്പാദത്തിൽ" ഇരുപത്തിനാലാമത് പ്രാർത്ഥനാ സംഗമം ജൂൺ 17 ശനിയാഴ്ച ഇന്ത്യൻ സമയം രാത്രി 8.30ന് ഓൺലൈനിൽ നടക്കും. പാസ്റ്റർ ആൽബി തോമസ്, കുമ്പനാട് മുഖ്യ സന്ദേശം നൽകും.
കൂടാതെ അനുഗ്രഹീതരായ മറ്റു ദൈവദാസൻമാരുടെ സന്ദേശങ്ങളും ഗാനശുശ്രൂഷയും ഉണ്ടായിരിക്കും.ID : 828 3015 0680Password :amen

# പൗരാണിക ക്രൈസ്തവ ദൈവാലയങ്ങളുടെ സംരക്ഷണം ഉറപ്പാക്കാൻ പദ്ധതിയുമായി ഫ്രഞ്ച് പ്രസിഡന്റ്

പാരീസ്: ഫ്രാൻസിന്റെ ചരിത്രത്തിൽ സുപ്രധാനമായ പൗരാണിക ക്രൈസ്തവ ദൈവാലയങ്ങൾ സംരക്ഷിക്കാൻ പദ്ധതിയുമായി പ്രസിഡന്റ് ഇമ്മാനുവൻ മാക്രോൺ. രാജ്യ ചരിത്രത്തിൽ പ്രതീകാത്മകമായ പ്രധ്യാനം ഈ പൗരാണിക ദൈവാലയങ്ങൾക്കുണ്ടെന്ന് അസന്നിഗദ്ധമായി പ്രഖ്യാപിച്ചുകൊണ്ടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. സുപ്രസിദ്ധമായ മൗണ്ട് സെന്റ് മൈക്കൽ ആശ്രമത്തിന്റെ ശിലാസ്ഥാപന സഹസ്രാബ്ദി വർഷം ആചരിക്കുന്ന പശ്ചാത്തലത്തിലായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.
ആരാധനയ്ക്കായി നിയോഗിച്ചിട്ടുള്ള 50,000ൽപ്പരം ദൈവാലയങ്ങൾ ഉണ്ടെങ്കിലും ചരിത്രസ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് 10,500 എണ്ണം മാത്രമാണ്. 10,000ൽ താഴെ നിവാസികളുള്ള മുനിസിപ്പാലിറ്റികളിലെ പുരാതന കെട്ടിടങ്ങളാണ് രജിസ്റ്റർ ചെയ്യാത്തവ. ഇത്തരത്തിൽ ഗ്രാമങ്ങളിലുള്ള കെട്ടിടങ്ങളുടെ സംരക്ഷണമാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുന്നത്.

# ലീഡർഷിപ്പ് കോൺഫറൻസ്

ദുബായ്: പിവൈപിഎ യു എ ഇ റീജിയന്റെ ആഭിമുഖ്യത്തിൽ ജൂൺ 17 ശനി രാത്രി 7:30 മുതൽ 10 വരെ ഷാർജ യൂണിയൻ ചർച്ച് ഹാൾ 9 ൽ ലീഡർഷിപ്പ് കോൺഫറൻസ് നടക്കും.
പേഴ്സിക്യൂഷൻ റിലീഫ് സ്ഥാപകൻ ഇവാ. ഷിബു തോമസ് മുഖ്യാതിഥി ആയിരിക്കും. സംഗീത ശുശ്രൂഷയ്ക്ക് റ്റിബിൻ തങ്കച്ചൻ (പവർവിഷൻ ടി.വി), പാസ്റ്റർ കെ.പി രാജൻ (ബേർശേബാ വോയ്സ്, കോട്ടയം), എബിൻ ഹബീബ് (ദുബായ്) തുടങ്ങിയവർ നേതൃത്വം നല്കും.


## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5) only son, works as a Chemical Engineer (Schlumberger) Marriage proposals are also invited from parents of spiritual and God fearing girls. Preference will be given to those in the Medical field. Phone 97455327348. (WhatsApp) Email: jaj3292000@yahoo.co.in

Remarriage
Remarriage,Born Again Syrian Christian Boy,31 yr/172 cm,BE.Mech, Pathanamthitta"9946847617

വധുവിനെ ആവശ്യമുണ്ട്
ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Hight-179 (B. A Sociology, BTH, Dip. Mission., BA. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. ഫോൺ: 9847683343



Editorial board

Chief Editor:
Blessin John Malayil
Managing Editor
Aji George
Publisher
Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout & Design:Shaji Vazhoor.9656571354

# സമാധാനം പുലരാതെ മണിപ്പൂർ: വീണ്ടും ആക്രമണം 9 മരണം

ഇംഫാൽ: മണിപ്പൂരിൽ വീണ്ടും കലാപം. കഴിഞ്ഞ 24 മണിക്കൂറിനിടെ നടന്ന ആക്രമണങ്ങളിൽ ഒരു സ്ത്രീ ഉൾപ്പടെ ഒമ്പത് പേർ കൊല്ലപ്പെട്ടു. പരുക്കേറ്റ നിരവധി പേർ ചികിത്സയിലാണ്. ഖമെൻലോക് മേഖലയിൽ കഴിഞ്ഞ ദിവസം രാത്രിയുണ്ടായ വെടിവയ്പ്പിലാണ് മരണങ്ങൾ സംഭവിച്ചതെന്നാണ് സൈനിക വൃത്തങ്ങൾ അറിയിക്കുന്നത്. കൊല്ലപ്പെട്ട ചിലരുടെ മൃതശരീരത്തിൽ മുറിവുകളും വെടിയുണ്ടയേറ്റുള്ള ഒന്നിലധികം പരുക്കുകളും കണ്ടെത്തിയെന്ന് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ മാസം ആരംഭിച്ച വംശീയ കലാപത്തിൽ ഇതുവരെ നൂറിലധികം പേരാണ് മണിപ്പൂരിൽ കൊല്ലപ്പെട്ടത്. കലാപത്തെ തുടർന്ന് 47,000 ത്തോളം ആളുകളെ വിവിധയിടങ്ങളിൽ നിന്ന് ഒഴിപ്പിച്ചതായാണ് ഔദ്യോഗിക കണക്കുകൾ. നൂറുകണക്കിന് ആളുകൾക്ക് വീടുകൾ നഷ്ടപ്പെടുകയും ചെയ്തു. നിരവധി പേർ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ തുടരുകയാണ്.

സംഘർഷം തുടരുന്ന സാഹചര്യത്തിൽ മണിപ്പൂരിലെ 14 ജില്ലകളിൽ 11 ലും ഇപ്പോഴും കർഫ്യൂ നിലവിലുണ്ട്. സംസ്ഥാനം മുഴുവൻ നാളെ വരെ



ഇന്റർനെറ്റ് നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. അക്രമം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ വിന്യസിച്ച അർദ്ധസൈനിക സേനയുടെ സാന്നിധ്യവും മണിപ്പൂരിലുണ്ട്. സംസ്ഥാനത്തെ സമാധാനം പുനഃസ്ഥാപിക്കാനായി കേന്ദ്രം പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നു. ഗവർണറുടെ മേൽനോട്ടത്തിലുള്ള സമിതിയിൽ മേയ്തി, കുകി സമുദായങ്ങളിൽ നിന്നടക്കം 51 അംഗങ്ങളാണുള്ളത്. എന്നാൽ വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി സമാധാന ശ്രമങ്ങളോട് സഹകരിക്കില്ലെന്ന് കുകി വിഭാഗവും മേയ്തി വിഭാഗവും അറിയിച്ചിട്ടുണ്ട്. മുഖ്യമന്ത്രി എൻ ബിരേൻ സിങ്ങിനെ സമിതിയിൽ അംഗമാക്കിയതിൽ അതൃപ്തി പ്രകടിപ്പിച്ചാണ് സമാധാന ചർച്ചകളുടെ ഭാഗമാകില്ലെന്ന് കുകി വിഭാഗം കഴിഞ്ഞ ദിവസം അറിയിച്ചത്.

എല്ലാ കാര്യങ്ങളും സംസ്ഥാന സർക്കാരിനും മുഖ്യമന്ത്രിക്കും വിട്ടുകൊടുക്കാതെ കേന്ദ്രം സമിതിയുടെ ഭാഗമാകണമെന്നും കുകി വിഭാഗം ആവശ്യപ്പെട്ടു. കേന്ദ്രം നേരിട്ട് നടത്തുന്ന സമാധാന ശ്രമങ്ങളോട് മാത്രമേ സഹകരിക്കുകയുള്ളൂവെന്നും കുകികൾ വ്യക്തമാക്കി. കുകി ഗ്രൂപ്പുകളുടെ ആക്രമണം, അനധികൃത ഭൂമി കയ്യേറ്റം എന്നിവ പരിഹരിക്കാതെ ചർച്ചകൾക്കില്ല എന്നാണ് മേയ്തി വിഭാഗത്തിന്റെ നിലപാട്.തങ്ങളുടെ പ്രതിനിധികളെ കൂടിയാലോചനായോ ചർച്ചകളോ കൂടാതെയാണ് സമിതിയിൽ അംഗമാക്കിയതെന്ന് ഇരുവിഭാഗവും ആരോപിച്ചിരുന്നു.

## മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രാർഥനാ സംഗമം സംഘടിപ്പിച്ചു



തിരുവനന്തപുരം: മണിപ്പൂർ കലാപത്തിൽ കൊല്ലപ്പെടുകയും പരിക്കേൽക്കുകയും ചെയ്ത ഇരകൾക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും പീഡിത ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും നാഷണൽ ക്രിസ്റ്റ്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസിന്റെ നേതൃത്വത്തിൽ പ്രാർഥനാ സംഗമം സംഘടിപ്പിച്ചു.

തിരുവനന്തപുരം, പ്ലാമൂട് അസംബ്ലീസ് ഓഫ് ഗോഡ് സഭാ ഹാളിൽ വച്ച് നടന്ന സമ്മേളനത്തിൽ നാഷനൽ ക്രിസ്റ്റ്യൻ മൂവ്മെന്റ് ഫോർ ജസ്റ്റിസ് സ്റ്റേറ്റ് ജനറൽ സെക്രട്ടറി പാസ്റ്റർ ജെയ്സ് പാണ്ടനാട് അധ്യക്ഷത വഹിച്ചു. കേരളാ കൗൺസിൽ ഓഫ് ചർച്ചസ് സ്റ്റേറ്റ് ജനറൽ സെക്രട്ടറിയും കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ദേശീയ ജനറൽ സെക്രട്ടറിയുമായ ഡോ. പ്രകാശ് പി തോമസ് ഉത്ഘാടനം നിർവ്വഹിച്ചു.

റൈറ്റ് റവ: ബിഷപ്പ് ഡോ. സെൽവദാസ് പ്രമോദ്( ബൈബിൾ ഫെയ്ത്ത് മിഷൻ), റവ.ബിഷപ്പ് ഡോ ജോർജ് ഈപ്പൻ( സെന്റ് തോമസ് ഇവാഞ്ചലിക്കൽ ചർച്ച്), റൈറ്റ് റവ. ഡോ ഓസ്റ്റിൻ എം എ പോൾ (സോൾ വിന്നിങ് ചർച്ച് ഓഫ് ഇന്ത്യ), മേജർ വി കെ ജോസ്( ഡിവിഷണൽ കമാൻഡർ, സാൽവേഷൻ ആർമി, നെടുമങ്ങാട്), റവ. പി കെ യേശുദാസ്( ഏ ജി തെക്കൻ മേഖലാ ഡയറക്ടർ), പാസ്റ്റർ ജേക്കബ് കുര്യൻ( പിസിഐ, ജില്ലാ പ്രസിഡന്റ്, TVM), ഫാദർ ബെന്യാമിൻ ശങ്കരത്തിൽ, പാസ്റ്റർ ജോൺ സ്റ്റോബി ( AG, പ്ലാമൂട്), പാസ്റ്റർ സാജു മാവേലിക്കര എന്നിവർ ഐക്യദാർഢ്യ സന്ദേശം നൽകി.

മണിപ്പൂർ കലാപത്തിൻെറ ഇരയും ദൃക്സാക്ഷിയുമായ മിഷനറി, ഇവാഞ്ചലിസ്റ്റ് സുനിൽ ശർമ്മ മണിപ്പൂരിലെ പീഡാനുഭവങ്ങൾ വിവരിച്ചു. പാസ്റ്റർ ലിബിഷ് ന്യൂഡൽഹി പരിഭാഷ നിർവ്വഹിച്ചു.

റവ. ഡി സച്ചിദാനന്ദ ദാസ്( ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യാ) മണിപ്പൂർ ജനതയുടെ സമാധാനത്തിന് വേണ്ടി മധ്യസ്ഥ പ്രാർത്ഥന നടത്തി.

ചഇങഖ ട്രഷറാർ റവ.ഡോ. എൽ ടി. പവിത്രസിംഗ് സ്വാഗതവും വർക്കിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ ഉമ്മൻ ജേക്കബ് കൃതജ്ഞതയും രേഖപ്പെടുത്തി.

## മലയാളി പെന്തക്കോസ്ത് അസോസിയേഷൻ പ്രാർത്ഥനാ ദിനം

പോൾസൺ ഇടയത്ത്

MPA UK യുടെ 20232025 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി പ്രവർത്തന തീരുമാനപ്രകാരം രാജ്യത്തിന്റെ ഉണർവ്വിനായി ഇംഗ്ലണ്ടിലെ അഞ്ച് റീജിയനുകളിൽ വെച്ച് ഏകദിന പ്രാർത്ഥനാ സംഗമം നടത്തുവാനും പ്രഥമ പ്രാർത്ഥന ലണ്ടൻ പട്ടണത്തിലെയും സമീപ പ്രദേശങ്ങളിലെയും ദൈവദാസന്മാർക്കും ദൈവജനത്തിനും പങ്കെടുക്കത്തക്കവണ്ണം വെസ്റ്റ് ലണ്ടൻ ചർച്ച് ഓഫ് ഗോഡ് ആലയത്തിൽ വെച്ച് ഈ മാസം ജൂൺ 17ന് ശനിയാഴ്ച 11 മാ 2 ുാ വരെ നടക്കുന്നു. ഈ മീറ്റിംഗ് MPA UK യുടെ പ്രസിഡണ്ട് പാസ്റ്റർ ബിനോയ് ഏബ്രഹാം ഉദ്ഘാടനം ചെയ്യും. ലണ്ടൻ ഏരിയാ കോർഡിനേറ്റർ ഇവാഞ്ചലിസ്റ്റ് സാം തോമസ് മീറ്റിംഗുകളുടെ ക്രമീകരണങ്ങൾ നിർവ്വഹിക്കും. പ്രയർ കോ ഡിനേറ്റർ പാസ്റ്റർ ജോൺസൺ ജോർജ്ജ് മീറ്റിംഗുകൾക്ക് നേതൃത്വം നൽകും. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ പാസ്റ്റർ സാംകുട്ടി പാപ്പച്ചൻ ( വൈസ് പ്രസിഡന്റ്), പാസ്റ്റർ ഡിഗോൾ ലൂയിസ് ( സെക്രട്ടറി), പാസ്റ്റർ പി സി സേവ്യർ ( ജോയന്റ് സെക്രട്ടറി) പാസ്റ്റർ ജിനു മാത്യു (ട്രഷറർ) എന്നിവർ പങ്കെടുക്കും. മറ്റ് ദൈവദാസന്മാരും ഉണ്ടായിരിക്കും. രാജ്യത്തിന്റെ വിടുതലിനായുള്ള ഈ പ്രാർത്ഥനയിൽ അണിചേരുവാൻ എല്ലാ ദൈവദാസന്മാരെയും ദൈവജനത്തേയും കർത്തൃനാമത്തിൽ ക്ഷണിക്കുന്നു.

## ഐപിസി ചെങ്ങന്നൂർ ടൗൺ ചർച്ച് പി.വൈ.പി.എ യുടെ വിദ്യാഭ്യാസസഹായം




ഇന്ത്യ പെന്തകോസ്ത് ദൈവസഭ ചെങ്ങന്നൂർ കർമ്മേൽ ടൗൺ ചർച്ച് പി.വൈ.പി.എ യുടെ നേതൃത്വത്തിൽ 65 ൽ പരം വിദ്യാർത്ഥികൾക്ക് 10/06/2023 ശനിയാഴ്ച വിദ്യാഭ്യാസ ധനസഹായം നൽകപ്പെട്ടു. ജാതിമത വ്യത്യാസമില്ലാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുഞ്ഞുങ്ങളെ കണ്ടെത്തിയാണ് സഹായവിതരണം നടന്നത്. സഭാശുശ്രൂഷകൻ പാസ്റ്റർ. മാത്യു ഫിലിപ്പ് അധ്യക്ഷത വഹിച്ച യോഗത്തിൽ മുഖ്യാഥിതി മാവേലിക്കര ങഘഅ ശ്രീ. എം. സ്. അരുൺ കുമാർ ഉത്ഘാടനകർമം നിർവഹിച്ചു. മദ്യത്തിനും ഇതര ലഹരിപദാർത്ഥങ്ങൾക്കും, അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലെ യുവതലമുറക്ക് പെന്തക്കോസ്ത് യുവജന സംഘടനകൾ ഒരു ഉത്തമ മാതൃകയാണെന്ന് MLA തന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചു.

# ഭാഷകളെ സംരക്ഷിക്കാൻ ബൈബിളിന്റെ സഹായം തേടി മെറ്റ

ലണ്ടൻ: ഭാഷകളെ സംരക്ഷിക്കാൻ വേണ്ടി ബൈബിൾ തർജ്ജമകളുടെ സഹായം തേടി സാമൂഹ്യ മാധ്യമങ്ങളായ ഫേസ്ബുക്കിന്റെയും, ഇൻസ്റ്റഗ്രാമിന്റെയും മാതൃ കമ്പനിയായ മെറ്റ. മാസിവിലി മൾട്ടിലിങ്ങ്വൽ സ്പീച്ച് എന്ന പേരിട്ടിരിക്കുന്ന പദ്ധതിക്ക് വേണ്ടിയാണ് മെറ്റയുടെ ആർട്ടിഫിഷൽ ഇന്റലിജൻസ് ഗവേഷണ സംഘം ബൈബിളിലേക്കു തിരിഞ്ഞിരിക്കുകയാണ്.

ഏകദേശം നൂറോളം ഭാഷകളുടെ ഡേറ്റാ സെറ്റ് മാത്രമേ ഇതിനുമുമ്പ് ഉപയോഗിക്കാൻ സാധിച്ചിരുന്നുള്ളൂ. എന്നാൽ പുതിയ നിയമ ബൈബിൾ തർജ്ജമകളുടെ സഹായത്തോടെ ആയിരത്തിയൊരു നൂറോളം ഭാഷകളുടെ ഒരു ഡേറ്റാ സെറ്റ് നിർമ്മിക്കാൻ മെറ്റക്ക് സാധിച്ചുവെന്നാണ് റിപ്പോർട്ട്.




മിഷ്യൻ ലേണിംഗിന് വേണ്ടി ബൈബിൾ തർജ്ജമകൾ ഉപയോഗിക്കുന്നതിൽ ക്രൈസ്തവവിശ്വാസികൾക്ക് എതിർപ്പ് കാണില്ലായെന്ന് കമ്പനിക്ക് വിദഗ്ദോപദേശം ലഭിച്ചിരിന്നു. എന്നാൽ ഖുർആൻ പോലെയുള്ള ഗ്രന്ഥങ്ങൾ, തർജ്ജമ ഇങ്ങനെ ഒരു ആവശ്യത്തിന് വേണ്ടി ഉപയോഗിക്കാൻ പരിമിതി നിലനിൽക്കുന്നുണ്ട്.

2020 ജൂണിൽ, ക്രിസ്ത്യൻ മെഡിറ്റേഷൻ ആപ്ലിക്കേഷനായ സോൾടൈമിന്റെ നിർമ്മാതാക്കൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വോയ്സ് ഉപയോഗിച്ച് പൂർണ്ണമായും വായിച്ച ബൈബിളിന്റെ ലോകത്തിലെ ആദ്യത്തെ ഓഡിയോ പതിപ്പ് പുറത്തിറക്കിയിരിന്നു. പുതിയ നിയമത്തിലെ 27 പുസ്തകങ്ങളും 260 അധ്യായങ്ങളും ഉൾപ്പെടുത്തുന്നതിന്, യഥാർത്ഥ വാചകവും ഓഡിയോ റെക്കോർഡിംഗുകളും ഉൾപ്പെടെ, മെറ്റാ , Bible.com, GoTo.Bible, FaithComesByHearing.com എന്നിവയിൽ നിന്നുള്ള ഡാറ്റ ഉപയോഗപ്പെടുത്തുന്നു.

## ഇനി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പള്ളികൾ നയിക്കും



മനുഷ്യനല്ലാത്തതിനാൽ ഹൃദയവും ആത്മാവും ഇല്ലാത്ത പ്രാർത്ഥനാച്ചടങ്ങായി അനുഭവപ്പെട്ടുവെന്ന് ചിലർ അഭിപ്രായപ്പെട്ടു

ബർലിൻ: ജർമനിയിലെ ഫുവെർത്തിയിലെ സെന്റ് പോൾസ് പള്ളിയിലെ നിറഞ്ഞ സദസിനെ അഭിസംബോധന ചെയ്ത് സംസാരിച്ചത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. പലവിധ വേഷങ്ങളിൽ നമുക്ക് മുന്നിലെത്തുകയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. ആരാധനാലയങ്ങളിലെ നിറഞ്ഞ സദസ്സിനെ അഭിസംബോധന ചെയ്ത് പ്രഭാഷണം നടത്തുന്നതിൽ വരെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അതിന്റെ കഴിവ് തെളിയിച്ചിരിക്കുകയാണിപ്പോൾ. ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് ദൈവത്തോട് പ്രാർത്ഥിക്കുവിൻ, എന്ന് പറഞ്ഞു കൊണ്ടാണ് എഐ പ്രഭാഷകൻ പ്രഭാഷണം ആരംഭിച്ചത്. 40 മിനിറ്റോളം നീണ്ടു നിന്ന പ്രോഗ്രാമിൽ പ്രഭാഷണം, പ്രാർത്ഥന, സംഗീതം എന്നിവ ഉൾപ്പെടുത്തിയിരുന്നു.

വിയന്ന സർവകലാശാലയിലെ തത്വശാസ്ത്രജ്ഞനും ദൈവശാസ്ത്രപണ്ഡിതനുമായ ജോനാസ് സിമ്മെർലിന്റെ നേതൃത്വത്തിലാണ് എഐ മതപ്രഭാഷകനെ സൃഷ്ടിച്ചിരിക്കുന്നത്. ഇവിടെ പങ്കെടുക്കുന്ന പ്രഭാഷകൻ എന്ന നിലയിൽ എന്ത് സേവനമാണ് നിങ്ങൾ ഞങ്ങൾക്കായി നല്കുക എന്ന ചോദ്യം സിമ്മർലിൻ ആർട്ടിഫിഷ്യലിനോട് ഉന്നയിച്ചു.

"പ്രിയസുഹൃത്തുക്കളേ, ജർമനിയിലെ പ്രൊട്ടസ്റ്റന്റുകളുടെ ഈ വർഷത്തെ സമ്മേളനത്തിൽ പങ്കെടുക്കുന്ന ആദ്യ നിർമിതബുദ്ധി എന്നനിലയിൽ നിങ്ങളുടെമുമ്പിൽ നിൽക്കുകയും സംസാരിക്കുകയും ചെയ്യുന്നത് എന്നെ സംബന്ധിച്ച് ബഹുമതിയാണ്' ചാറ്റ് ബോട്ട് പറഞ്ഞു. മറുപടിയിൽ സ്തോത്രങ്ങളും പ്രാർത്ഥനകളും ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. ഭൂതകാലത്തെ വിട്ട് വർത്തമാനകാലത്തെ വെല്ലുവിളികളിൽ ശ്രദ്ധ കേന്ദ്രീകരിക്കൂ, മരണഭയത്തെ മറികടക്കൂ, ക്രിസ്തുവിലുള്ള വിശ്വാസം കൈവെടിയാതിരിക്കൂ എന്നെല്ലാമുള്ള നിർദേശങ്ങളും എ.ഐ. അവർക്ക് നൽകി. പ്രഭാഷണവും സംഗീതവും ആശീർവാദവും എല്ലാം പതിവുപോലെതന്നെ, ചിലർ അദ്ഭുതത്തോടെ മൊബൈലിൽ പകർത്തി. മറ്റുചിലർ സംശയത്തോടെയും വിമർശനാത്മകമായും കണ്ടുനിന്നു. എന്നാൽ മനുഷ്യനല്ലാത്തതിനാൽ ഹൃദയവും ആത്മാവും ഇല്ലാത്ത പ്രാർഥനാച്ചടങ്ങായി അനുഭവപ്പെട്ടുവെന്ന് ചിലർ അഭിപ്രായപ്പെട്ടു. പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ഈ സേവനം വലിയ വിജയമായിരുന്നുവെന്നാണ് മറ്റുചിലരുടെ വിലയിരുത്തൽ.

## ജയിലിൽ കഴിഞ്ഞിരുന്ന സന്യാസിനിക്ക് ജാമ്യം അനുവദിച്ച് കോടതി



ജഷ്പൂർ : ഛത്തീസ്ഗഢ് സംസ്ഥാനത്തിന്റെ മതപരിവർത്തന വിരുദ്ധ നിയമം ലംഘിച്ചുവെന്നാരോപിച്ച് അറസ്റ്റിലായി ജയിലിൽ കഴിഞ്ഞിരുന്ന സിസ്റ്റർ വിഭ കെർക്കേറ്റയ്ക്കും കുടുംബത്തിനും കോടതി ജാമ്യം അനുവദിച്ചു. സിസ്റ്റർ ബിബ കെർക്കെട്ടയും, അമ്മയും ഉൾപ്പെടുന്ന 6 പേർക്ക് ഇന്നലെ ജൂൺ 13നു ജാഷ്പൂർ കോടതിയാണ് ജാമ്യം അനുവദിച്ചത്. ജൂൺ 6നാണ് മതപരിവർത്തന വിരുദ്ധ നിയമത്തിന്റെ മറവിൽ കുടുംബം അറസ്റ്റിലാവുന്നത്. ഡോട്ടേഴ്സ് ഓഫ് സെന്റ് ആൻ സന്യാസ സമൂഹാംഗമാണ് ബാലാച്ചാപൂർ സ്വദേശിനിയായ സിസ്റ്റർ കെർക്കെട്ട. 6 മാസങ്ങൾക്ക് ശേഷം നാട്ടിലെത്തിയ സിസ്റ്ററിന്റെ കുടുംബം ബന്ധുമിത്രാദികളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ പ്രാർത്ഥനയിലാണ് ആക്രമണം നടന്നത്.

ഛത്തീസ്ഗഡിലെ ജഷ്പൂർ ജില്ലയിലെ ബലാചപർ ഗ്രാമത്തിലെ സ്കൂൾപാറലെയ്നിലാണ് കുടുംബം താമസിച്ചിരുന്നത്. വീട്ടിലേക്ക് അതിക്രമിച്ച് കയറിയ ഹിന്ദു മതമൗലികവാദികൾ രോഗശാന്തി പ്രാർത്ഥന നടത്തുകയാണെന്ന് ആരോപിക്കുകയായിരുന്നു. വൈകിട്ട് 6ന് നടന്ന പ്രാർത്ഥനയിൽ അറുപതോളം പേർ പങ്കെടുത്തിരുന്നു. ഇതിനിടെ അതിക്രമിച്ച് കയറിയ ഹിന്ദുത്വവാദികൾ രോഗശാന്തിയും, മറ്റ് മതങ്ങളുടെ അവഹേളനവുമാണ് നടക്കുന്നതെന്നും വ്യാജ ആരോപണങ്ങൾ ഉന്നയിച്ചു. നിങ്ങൾ എന്തിനാണ് ക്രിസ്ത്യാനിയായതെന്ന് എന്ന് ചോദ്യം ചെയ്യുകയും, ബൈബിൾ കീറിക്കളയുകയും, സിസ്റ്ററിന്റെ അമ്മയുടെ ചെകിട്ടത്ത് അടിക്കുകയും ചെയ്തു. ഇതിനു പിന്നാലെ പോലീസ് യാഥാർത്ഥ്യം എന്തെന്ന് അന്വേഷിക്കുക പോലും ചെയ്യാതെ ഇവരെ അറസ്റ്റ് ചെയ്യുകയായിരിന്നു.

ജയിലിലായ ഇവരുടെ ജാമ്യാപേക്ഷ ഇന്നലെ ജൂൺ 13നാണ് കോടതി പരിഗണിച്ചത്. ഓരോരുത്തർക്കും 15,000രൂപയുടെ ജാമ്യത്തുകക്ക് പുറത്താണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. ജാമ്യം ലഭിച്ചതിൽ സുപ്പീരിയർ ജനറലായ സിസ്റ്റർ ലിലി ഗ്രേസ് ടോപ്നോ ദൈവത്തോടും അധികാരികളോടും നന്ദി പറഞ്ഞു. ഇക്കഴിഞ്ഞ ജൂൺ 11ന് ഡോട്ടേഴ്സ് ഓഫ് സെന്റ് ആൻ സന്യാസ സമൂഹാംഗങ്ങൾ സിസ്റ്റർ കെർക്കെട്ടാക്ക് വേണ്ടി ഉപവാസ പ്രാർത്ഥന നടത്തിയിരിന്നു.

## ബഹിരാകാശത്ത് വിരിഞ്ഞ പൂവ് ; ചിത്രം പങ്കുവെച്ച് നാസ



ബഹിരാകാശ നിലയത്തിൽ വിരിഞ്ഞ ഒരു സീനിയ പുഷ്പത്തിന്റെ ചിത്രം പങ്കുവച്ചിരിക്കുകയാണ് അമേരിക്കൻ ബഹിരാകാശ സംഘടന നാസ. തങ്ങളുടെ ഇൻസ്റ്റ പേജിലൂടെയാണ് ഏറെ സന്തോഷവും കൗതുകവുമുണർത്തുന്ന ഫോട്ടോ നാസ പങ്കുവച്ചിരിക്കുന്നത്. ഭാവിയിൽ ചൊവ്വയിലേക്കും ചന്ദ്രനിലേക്കുമുൾപ്പെടെയുള്ള മനുഷ്യദൗത്യങ്ങൾ വരുമ്പോൾ, ഫ്രഷായ ഭക്ഷണം അവിടെത്തന്നെയുണ്ടാക്കുക എന്ന വിദൂരലക്ഷ്യം നാസയുൾപ്പെടെയുള്ള സ്പേസ് ഏജൻസികൾക്കുണ്ട്.

ഇതിന്റെ ആദ്യപടികളായി ബഹിരാകാശത്തെ കൃഷിരീതികൾ 2015ൽ തന്നെ തുടങ്ങിയിരുന്നു. ബഹിരാകാശ കൃഷിയുടെ വിവിധ വശങ്ങൾ പഠിക്കുകയാണ് ലക്ഷ്യം. 2015ൽ നിലയത്തിലുണ്ടായിരുന്ന ബഹിരാകാശ യാത്രികനായ ജെൽ ലിംഗ്രെനാണ് ബഹിരാകാശ കൃഷിക്കു തുടക്കമിട്ടത്. വെജി ഫെസിലിറ്റി എന്നാണ് നിലയത്തിനുള്ളിലെ ഈ കൃഷിസ്ഥലം അറിയപ്പെട്ടത്. ഈ ഫെസിലിറ്റിയുടെ ഭാഗമായി നിലയത്തിൽ വളർത്തിയതാണ് ഈ സീനിയച്ചെടി.


CHRISTIANLIVE
CHRISTIAN LIVE.IN™
അവതരിപ്പിക്കുന്ന
ഭക്തസ്മരണ
ഷാർജാ
വർഷിപ്പ് സെന്ററിൽ
ബീന ഭക്തവത്സലൻ
ബിബിൻ ഭക്തവത്സലൻ
2023 ജൂലൈ
03
തിങ്കൾ
@ 7.30 PM
നിത്യതയിൽ പ്രവേശിച്ച സുവി. ഭക്തവത്സലന്റെ കുടുംബാംഗങ്ങളും മലയാളത്തിലെ പ്രസിദ്ധ ഭക്തഗായകരും പങ്കെടുക്കുന്ന സംഗീത നിശ.
ക്രിസ്ത്യൻ ലൈവ് മിഡിയയുടെ യു.എ.ഇ യിലെ പ്രവർത്തനങ്ങളുടെ ഔദ്യോഗിക തുടക്കം.
ഡോ.വിത്സൻ ജോസഫ്
ഡോ.കെ.ഓ.മാത്യു
CALL NOW : Bro.Santhosh Eapen : 0506576490